## സബ്മിഷൻ

### പാലങ്ങളുടെ നിർമ്മാണം

ശ്രീ. എ. എം. ആരിഫ് : സർ, അരൂർ നിയോജക മണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ദ്വീപാണ് പെരുമ്പളം പഞ്ചായത്ത്. 12000-ത്തോളം ജനങ്ങൾ താമസിക്കുന്ന പെരുമ്പളം പഞ്ചായത്തിനെ മറ്റ് പ്രദേശങ്ങളുമായി ബന്ധിപ്പിക്കാൻ ജങ്കാറും മറ്റ് ബോട്ട് സർവ്വീസുകളുമല്ലാതെ ഒരു നിർവ്വാഹവുമില്ല. അവിടെവുമായി കണക്ടിവിറ്റിയുണ്ടാക്കുന്ന പ്രധാനപ്പെട്ട ഒരു പാലമാണ് വട്ടവയൽ - പൂന്തോട്ട പാലം. അതിന് നേരത്തെ 10 കോടി രൂപയുടെ അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ ഉണ്ടായിരുന്നു. പക്ഷേ എസ്റ്റിമേറ്റ് എടുത്തുവന്നപ്പോൾ 23 കോടിയോളം രൂപയായി. ചീഫ് ടെക്നിക്കൽ എക്സാമിനർ വന്ന് നോക്കിയതാണ്. ആ പാലം നിർമ്മിക്കുന്നതിനാവശ്യമായ പുതുക്കിയ എസ്റ്റിമേറ്റ് അനുസരിച്ചുള്ള തുകയ്ക്ക് അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ നൽകി അതിന്റെ നിർമ്മാണം ആരംഭിക്കണം. അതുപോലെ തന്നെ ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രിയായ എ.കെ. ആന്റണി കല്ലിട്ട പാലമാണ് നെടുമ്പ്രക്കാട് - വിളക്കുമരം പാലം. അതിന്റെ ലാന്റ് അക്വിസിഷൻ നടപടികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. പുതിയ എസ്റ്റിമേറ്റ് വന്നിട്ടുണ്ട്. അതിന്റെ ഫയൽ നമ്പർ 18398/ഡി1. ആ തുകയ്ക്കുള്ള അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ നൽകി. രണ്ട് പാലങ്ങളുടെയും നിർമ്മാണം എത്രയും വേഗം ആരംഭിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്) : സർ, അദ്ദേഹം പറഞ്ഞത് ശരിയാണ്. 14.7.2009-ലെ സർക്കാർ ഉത്തരവ് പ്രകാരം പാലം നിർമ്മാണത്തിന് 10.80 കോടി രൂപയുടെ ഭരണാനുമതി കൊടുത്തിരുന്നു. പക്ഷേ അപ്രോച്ച് റോഡിന് സ്ഥലം കിട്ടാത്തതുകൊണ്ടാണ് അത് പണിയാതിരുന്നത്. അപ്രോച്ച് റോഡിന് സ്ഥലം കിട്ടുമ്പോൾ അത് പരിഗണിക്കാം. അതുപോലെ പെരുമ്പളം - വട്ടവയൽ - പൂത്തോട്ട പാലങ്ങളുടെ നിർമ്മാണത്തിന് 10 കോടി രൂപയുടെ  ഭരണാനുമതി സ്റ്റിമുലസ് പാക്കേജ് പ്രകാരം 2009-ൽ കൊടുത്തിരുന്നു. പക്ഷേ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ 24 കോടി രൂപ വേണ്ടിവരുമെന്ന് കണ്ടതിനാൽ ചീഫ് ടെക്നിക്കൽ എക്സാമിനറോട് അത് പരിശോധിച്ച് അതിന്റെ പക്കാ എസ്റ്റിമേറ്റ് തരാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. പുതിയ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരമാണ് എസ്റ്റിമേറ്റ് പുതുക്കേണ്ടത്. പുതുക്കിയ എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം ആലോചിക്കാം.

**മേലൂർക്കടവ് പാലം**

ശ്രീ. കെ. കെ. നാരായണൻ : സർ, ഞാൻ പ്രതിനിധാനം ചെയ്യുന്ന ധർമ്മടം നിയോജകമണ്ഡലത്തിലെ ധർമ്മടം പഞ്ചായത്തിനേയും പിണറായി പഞ്ചായത്തിനേയും പരസ്പരം ബന്ധിക്കുന്ന മേലൂർക്കടവ് പാലം നിർമ്മാണം നടത്തിക്കൊണ്ടിരിക്കെ (മൂന്നാമത്തെ സ്ലാബിന്റെ പണി നടക്കുമ്പോൾ) കഴിഞ്ഞ വ്യാഴാഴ്ച്ച 12-ാം തീയതി വൈകുന്നേരം തകർന്നു വീഴുകയുണ്ടായി. അതിന്റെ രണ്ട് സ്ലാബുകളുടെ പണി നേരത്തെ പൂർത്തിയാക്കിയിരുന്നു. 20 ലക്ഷം രൂപയുടെ നാശനഷ്ടമാണ് ആ ഒരു സ്ലാബ് തകർന്ന വകയിൽ കണക്കാക്കപ്പെട്ടിരിക്കുന്നത്. നിർമ്മാണത്തിൽ നിരുത്തരവാദമായ നിലപാട് സ്വീകരിക്കപ്പെട്ടിട്ടുള്ളതിന്റെ ഫലമായാണ് സ്ലാബ് തകർന്നത്. അഞ്ച് തൊഴിലാളികൾക്ക് പരിക്കേറ്റു. പണി പൂർത്തിയായ ഒരു ഘട്ടത്തിലായിരുന്നതുകൊണ്ട് തൊഴിലാളികൾക്ക് അധികം അപകടമില്ലാതെ രക്ഷപ്പെടാൻ സാഹചര്യമുണ്ടായി. ഞാൻ നീട്ടുന്നില്ല. അതുകൊണ്ട് ഈ സംഭവം ശരിയായി പരിശോധിക്കാനും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാനും നിർമ്മാണ പ്രവർത്തനം തടസ്സം കൂടാതെ മുമ്പോട്ടുകൊണ്ടുപോകാനും നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്) : സർ, കണ്ണൂർ ജില്ലയിലെ ധർമ്മടം-മേലൂർ റോഡിനേയും പാരപ്രം-പിണറായി റോഡിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന മേലൂർക്കടവ് പാലത്തിന്റെ

ഒരു ഭാഗം അതിന്റെ നിർമ്മാണം പൂർത്തിയാകുന്ന സമയത്താണ് ഇടിഞ്ഞുപോയത്. വിവരം കിട്ടിയ ഉടനെതന്നെ റോഡ്സ് ആന്റ് ബ്രിഡ്ജസ് ചീഫ് എഞ്ചിനീയറെ സ്ഥലത്ത് വിട്ട് അതിന്റെ റിപ്പോർട്ട് വാങ്ങിയിട്ടുണ്ട്. ചീഫ് എഞ്ചിനീയർ സ്ഥലം പരിശോധിച്ച് അതിന്റെ റിപ്പോർട്ട് നൽകുകയും ബീമിന്റെ ഭാഗം തകർന്നുവീഴാനിടയായതിന്റെ കാരണം കണ്ടെത്തുന്നതിനുള്ള പരിശോധന നടത്തിക്കൊണ്ടിരിക്കുകയുമാണ്. അതോടൊപ്പം തന്നെ  വീണുപോയ ആ ഭാഗം കോൺട്രാക്ടറുടെ സ്വന്തം ചെലവിൽ പണിയാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തുനിന്നും വീഴ്ച്ചയുണ്ടോയെന്ന് പരിശോധിച്ചുവരികയാണ്. ഉണ്ടെങ്കിൽ തീർച്ചയായിട്ടും കർശനമായ നടപടി സ്വീകരിക്കും.

## ചിട്ടിവ്യവസായ രംഗത്തുള്ള ബുദ്ധിമുട്ടുകൾ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, കുറി വ്യവസായങ്ങളുടെ ഈറ്റില്ലമാണ് തൃശ്ശൂർ ജില്ല. വർഷങ്ങളായി അവിടെ ചാരിറ്റബിൾ സംഘടനകളും കമ്പനികളും വിശ്വാസ്യതയോടുകൂടി കുറി നടത്തുകയാണ്. പതിനായിരക്കണക്കിന് ചെറുപ്പക്കാരാണ് ഈ മേഖലയിൽ പ്രവർത്തിക്കുന്നത്. കേന്ദ്ര ചിട്ടി നിയമം നിലവിൽ വരികയും സംസ്ഥാന സർക്കാർ ചട്ടങ്ങൾ പുറത്തിറക്കുകയും ചെയ്തതോടെ ചിട്ടി വ്യവസായരംഗത്ത് നിരവധി ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുണ്ട്. ഇതു സംബന്ധിച്ച നിവേദനം തൃശ്ശൂർ ജില്ലയിലെ എം.എൽ.എ.മാർ അങ്ങേയ്ക്ക് നൽകിയിരുന്നു. താമസംവിനാ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുകൂട്ടി പ്രയാസങ്ങൾ ചർച്ച ചെയ്യാമെന്ന് അങ്ങ് സമ്മതിച്ചിരുന്നു. പക്ഷേ, ഇന്നുവരെ യോഗം വിളിച്ചിട്ടില്ല. അതുകൊണ്ട് അടിയന്തിരമായി തൃശ്ശൂർ ജില്ലയിലെ കുറിയിടപാടുകാരുടെയും ബന്ധപ്പെട്ട എം.എൽ.എ.മാരുടെയും യോഗം വിളിച്ച് പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

ശ്രീ. വി. എസ്. സുനിൽ കുമാർ: യോഗം വിളിക്കാമെന്ന് അങ്ങ് പറഞ്ഞതാണ്.

മി. സ്പീക്കർ: നോ, നോ, പ്രാദേശികവാദമൊന്നും നിയമസഭയിൽ പാടില്ല.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 30/4/2002-ൽ കേന്ദ്ര നിയമം സംസ്ഥാനങ്ങൾക്ക്

ബാധകമാക്കി. തുടർന്ന് കേന്ദ്ര നിയമത്തിന്റെ കീഴിൽ 5/6/2012-ൽ നമ്മൾ റൂൾ ഫ്രെയിം ചെയ്തു. അതിൽ ചില ഭേദഗതികൾ വേണമെന്ന് ചിട്ടി ഫണ്ട് ഫോർമാൻമാരുടെ അസോസിയേഷൻ ആവശ്യപ്പെട്ടിട്ടുണ്ട്. അത് പരിശോധിച്ചുവരികയാണ്. ബഹുമാനപ്പെട്ട മെമ്പർ എന്നോട് ഇതിനുമുമ്പു തന്നെ ഇതിനെ സംബന്ധിച്ച് സംസാരിച്ചിരുന്നു. ഫോർമാൻമാരുമായി ചർച്ച നടത്തി എന്തെങ്കിലും ഭേദഗതി ഈ നിയമത്തിന്റെ കീഴിൽ ആവശ്യമുണ്ടോ എന്ന് പരിശോധിച്ച് റിപ്പോർട്ട് ചെയ്യാൻ ടാക്സസ് സെക്രട്ടറിയോട് പറഞ്ഞിട്ടുണ്ട്. ആ റിപ്പോർട്ട് വന്നതിനുശേഷം എന്തെങ്കിലും ഭേദഗതി ആവശ്യമാണെന്നു തോന്നുകയാണെങ്കിൽ ഗവൺമെന്റിന് അത് കൊണ്ടുവരുന്നതിന് വിഷമമില്ല. ഓപ്പൺമൈന്റോടുകൂടി ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

## കെ.എസ്.ഇ.ബി.യുടെ സെക്ഷൻ ഓഫീസ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട പറമ്പിൽപീടികയിൽ ഒരു ഇലക്ട്രിക്കൽ സെക്ഷൻ സ്ഥാപിക്കണമെന്ന ആവശ്യമാണ് ഞാൻ ഇവിടെ ഉന്നയിക്കുന്നത്. പെരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ ഏതാണ്ട് 12000-ത്തോളം വരുന്ന ഉപഭോക്താക്കൾ ഇപ്പോൾ ഈ ആവശ്യങ്ങൾക്കുവേണ്ടി സമീപിക്കുന്നത് ചേളാരി, തലപ്പാറ, കുന്നുംപുറം, കൊണ്ടോട്ടി കെ.എസ്.ഇ.ബി. സെക്ഷനുകളെയാണ്. 6850 പേർ ചേളാരിയിലും 2652 പേർ തലപ്പാറയിലും 1827 പേർ കുന്നുംപുറത്തുമായി മൊത്തം 12000 ഉപഭോക്താക്കളാണ് ഈ മൂന്നു സെക്ഷനുകളിലായുള്ളത്. കിലോമീറ്ററുകൾ ദൂരെയാണ് ഈ സെക്ഷനുകൾ സ്ഥിതി ചെയ്യുന്നത്. ചേളാരിയാണെങ്കിൽ 25000-ത്തിനും 30000-ത്തിനും ഇടയ്ക്ക് കൺസ്യൂമർമാരുള്ള തിരക്കുപിടിച്ച സെക്ഷനാണ്. അതുകൊണ്ട് ബില്ലടയ്ക്കുന്നതിനും മറ്റു കാര്യങ്ങൾക്കും വലിയ പ്രയാസമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ദയവുണ്ടായി പറമ്പിൽപീടികയിൽ ഒരു സെക്ഷൻ സ്ഥാപിക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ ഒരു നിവേദനം നൽകിയിരുന്നത് പരിശോധിച്ചിരുന്നു. ചേളാരി സെക്ഷനിൽ 21370 കൺസ്യൂമേഴ്സും അതിന്റെ വിസ്തൃതി 81 സ്ക്വയർ കിലോമീറ്ററുമാണ്.

കുന്നുംപുറം സെക്ഷനാണ് അതിനടുത്തുള്ളത്. അവിടെ 16228 കൺസ്യൂമേഴ്സാണുള്ളത്, വിസ്തൃതി 53.5 സ്ക്വയർ കിലോമീറ്ററാണ്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ കുന്നുംപുറത്ത് ഒരു സെക്ഷനുണ്ടാക്കുകയാണെങ്കിൽ 30.5 സ്ക്വയർ കിലോമീറ്റർ വിസ്തൃതിയിൽ 8602 കൺസ്യൂമേഴ്സ് മാത്രമാണ് വരുന്നത്. ഇത്  നിലവിലുള്ള നോംസിന് വിരുദ്ധമാണെന്നാണ് ബോർഡിൽ നിന്ന് അറിയിച്ചിട്ടുള്ളത്.. നോംസ് അനുസരിച്ച് 25000 അല്ലെങ്കിൽ 20000 കൺസ്യൂമേഴ്സ്, അതിനു പുറമേ 100 സ്ക്വയർ കിലോമീറ്റർ വിസ്തീർണ്ണമുള്ള സ്ഥലങ്ങളാണ് വിഭജിക്കാൻ തീരുമാനിച്ചിട്ടുള്ളത്. അതനുസരിച്ച് ഈ പ്രദേശം വരുന്നില്ല. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചത് മൂന്നാമതൊരു സെക്ഷന്റെ ഭാഗങ്ങൾകൂടി ഉൾപ്പെടുത്തി ചെയ്യണം എന്നാണ്. അത് പരിശോധിച്ച് വേണ്ടതു ചെയ്യുന്നതാണ്.

മി. സ്പീക്കർ: അങ്ങയുടെ മുമ്പിൽ വേറെയും ചില സെക്ഷനാഫീസുകൾക്കുവേണ്ടിയുള്ള  നിവേദനങ്ങൾ ഇരിപ്പുണ്ട്.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഉണ്ട്, ബഹുമാനപ്പെട്ട സ്പീക്കറുടെ നിയോജകമണ്ഡലമടക്കമുള്ളവയുണ്ട്.

## വെള്ളാളർ ജാതിയിൽപ്പെട്ടവർക്ക് ജാതി സർട്ടിഫിക്കറ്റ്

ശ്രീ. എസ്. രാജേന്ദ്രൻ: സർ, കേരളം രൂപപ്പെടുന്നതിന് 300 വർഷം മുമ്പ് ഇവിടെ താമസിച്ചിട്ടുള്ളവരാണ് മറയൂർ, കാന്തല്ലൂർ, വട്ടവട എന്നീ പ്രദേശങ്ങളിൽപ്പെട്ടവർ. ആ പ്രദേശത്തെ താമസക്കാരായിട്ടുള്ള ഗ്രാമവാസികൾക്ക് ജാതി സർട്ടിഫിക്കറ്റ് 25 വർഷത്തിനുമേൽ നിഷേധിക്കപ്പെട്ടിരിക്കുകയാണ്. കഴിഞ്ഞ മൂന്നു വർഷത്തെ നിരന്തരമായ ഇടപെടലിന് ശേഷം ബാക്ക് വേർഡ് കമ്മീഷൻ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ അവർക്ക് ജാതി സർട്ടിഫിക്കറ്റ് നൽകാൻ വേണ്ടിയുള്ള ഉത്തരവുണ്ടായി. പക്ഷേ നോട്ടിഫിക്കേഷൻ ഇറങ്ങാത്തതുകൊണ്ട് വിദ്യാഭ്യാസ ആവശ്യത്തിനായി അവർക്ക് ഇക്കൊല്ലവും ജാതി സർട്ടിഫിക്കറ്റ് ലഭ്യമാകാത്ത സാഹചര്യമുണ്ട്. അതുകൊണ്ട് നോട്ടിഫിക്കേഷൻ താമസിച്ചുവന്നാലും വട്ടവട, കാന്തല്ലൂർ, മറയൂർ എന്നിവിടങ്ങളിലുള്ളവർക്ക് ജാതി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള ഉത്തരവ് നടപ്പിലാക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ഇടുക്കി ജില്ലയിലെ മറയൂർ, കാന്തല്ലൂർ, വട്ടവട പഞ്ചായത്തുകളിലെ അഞ്ചുനാട് വെള്ളാളർ സമുദായത്തെ പിന്നോക്ക വിഭാഗങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് കേരള സംസ്ഥാന പിന്നോക്ക സമുദായ കമ്മീഷന്റെ ശുപാർശയിന്മേൽ ജി.ഒ.(പി). 26/12/എസ്.സി.എസ്.ടി. വകു

പ്പിന്റെ 13/6/2012-ലെ ഉത്തരവു പ്രകാരം അനുവദിച്ചിട്ടുണ്ട്. 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ പാർട്ട് 1, ലിസ്റ്റ് 3-ൽ കേരള സംസ്ഥാനത്തെ മറ്റു പിന്നോക്ക സമുദായങ്ങളുടെ സംസ്ഥാനതല ലിസ്റ്റിൽ ഇടുക്കി ജില്ലയിലെ മറയൂർ, കാന്തല്ലൂർ, കീഴാന്തൂർ, കരയൂർ വില്ലേജുകളിലെ അഞ്ചുനാട് വെള്ളാളർ പേരുകൂടി ഉൾപ്പെടുത്തി ലിസ്റ്റ് ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ് സ്വീകരിച്ചുവരുന്നു. അഞ്ചുനാട് വെള്ളാളർ എന്ന ജാതി ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തി ഗവൺമെന്റ് ഉത്തരവായിട്ടുണ്ടെങ്കിലും ഗസറ്റ് വിജ്ഞാപനം നടത്തി ലിസ്റ്റിൽ ചേർത്തിട്ടില്ല. എന്നിരുന്നാലും ദേവികുളം താലൂക്കിന്റെ പരിധിയിൽ വരുന്ന മറയൂർ, കാന്തല്ലൂർ, കീഴാന്തൂർ വില്ലേജോഫീസുകളിൽ നിന്ന് മറയൂർ, കാന്തല്ലൂർ, വട്ടവട പഞ്ചായത്തുകളിലെ ഗ്രാമവാസികൾക്ക് ഒ.ബി.സി. സർട്ടിഫിക്കറ്റ് നൽകിവരുന്നുണ്ട്.

## വില്ലേജ് ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലം ഐ.എച്ച്.ആർ. ഡി.യ്ക്ക് കൈമാറുന്നത് സംബന്ധിച്ച്

ശ്രീ. പി. ഉബൈദുള്ള: സർ, ഐ.എച്ച്.ആർ.ഡി.യുടെ കീഴിൽ മലപ്പുറം ഗവൺമെന്റ് കോളേജിൽ പ്രവർത്തിക്കുന്ന കോളേജ് ഓഫ് അപ്ലൈഡ് സയൻസസ് 1993-ൽ ആരംഭിച്ച വിദ്യാഭ്യാസ സ്ഥാപനമാണ്. ഇരുപത് വർഷത്തോളമായിട്ടും സ്വന്തം സ്ഥലമോ കെട്ടിടമോ ഇല്ലാതെ വിദ്യാർത്ഥി കളും അദ്ധ്യാപകരും വളരെയധികം പ്രയാസങ്ങൾ അനുഭവിച്ചുകൊണ്ടി രിക്കുകയാണ്. ബി.എസ്.സി. ഇലക്ട്രോണിക്സ്, ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ് എന്നീ രണ്ടു കോഴ്സുകളിലായി 180 കുട്ടികൾ ഇവിടെ പഠിക്കു ന്നുണ്ട്. ഇവർക്ക് ആറു ക്ലാസ്സുകൾ വേണ്ടയിടത്ത് ഇപ്പോൾ ഗവൺമെന്റ് കോളേജിലെ അഞ്ചു ക്ലാസ്സുകൾ താല്ക്കാലികമായി ഉപയോഗിച്ചുകൊ ണ്ടിരിക്കുകയാണ്. ഒരു ബാച്ച് എപ്പോഴും ലാബിലാണ് പ്രവർത്തിച്ചുകൊ ണ്ടിരിക്കുന്നത്. മലപ്പുറം ഗവൺമെന്റ് കോളേജ് അധികൃതർ ഐ.എച്ച്. ആർ.ഡി. കോളേജ് അധികൃതരോട് എത്രയും പെട്ടെന്ന് കൈവശം വച്ചിരി ക്കുന്ന സ്ഥലം ഒഴിഞ്ഞുകൊടുക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. മറ്റൊരു സ്ഥലം കിട്ടാത്തതുകൊണ്ട് ഐ.എച്ച്.ആർ.ഡി. കോളേജ് അധികൃതർ ഏറെ വിഷമം അനുഭവിക്കുകയാണ്. സ്വന്തം സ്ഥലം കണ്ടെത്തി കൈമാ റുകയാണെങ്കിൽ ആറു മാസം കൊണ്ട് കെട്ടിടം നിർമ്മിക്കാമെന്ന് ഐ.എ ച്ച്.ആർ.ഡി. അധികൃതർ അറിയിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ഈ വിഷയം ഉന്നയിച്ചിരുന്നു. ആനക്കയം പഞ്ചായത്തിലെ പന്തലൂർ വില്ലേജോഫീസ് കെട്ടിടം സ്ഥിതി ചെയ്യുന്നയി

ടത്ത് വില്ലേജോഫീസിന്റെ സ്ഥലം കഴിച്ച് ബാക്കി സ്ഥലം ഒഴിഞ്ഞുകിടക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ അത് ഐ.എച്ച്.ആർ.ഡി. കോളേജിന് കെട്ടിടമുണ്ടാക്കുന്നതിന് വേണ്ടി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. സർക്കാർ ഭൂമി ഏത് വകുപ്പിന്റേതായിരുന്നാലും സർക്കാർ ഓഫീസുകൾക്കായി പരസ്പരം കൈമാറുന്നതിനുള്ള സംവിധാനമുണ്ടാകേണ്ടതുണ്ട്. റവന്യൂ വകുപ്പിന്റെ ഭൂമിയാണെങ്കിൽ മറ്റു വകുപ്പിന് കൊടുക്കാൻ പ്രയാസം, വിദ്യാഭ്യാസ വകുപ്പിന്റെ ഭൂമിയാണെങ്കിൽ മറ്റു വകുപ്പിന് കൊടുക്കാൻ പ്രയാസം, അങ്ങനെ നിയമത്തിന്റെ നൂലാമാലകളിൽ സർക്കാർ സ്ഥലം വെറുതെ കിടക്കുന്നതിൽ കാര്യമില്ല. ആവശ്യമായ ഡിപ്പാർട്ട്മെന്റുകൾക്ക് പരസ്പരം കൈമാറുന്നതിനുള്ള സംവിധാനമുണ്ടാകണം. എത്രയും വേഗം വില്ലേജോഫീസിനാവശ്യമായ സ്ഥലം കഴിച്ച് ബാക്കിയുള്ള സ്ഥലം ഐ.എച്ച്.ആർ.ഡി. കോളേജിന് കെട്ടിടം പണിയുന്നതിനായി വിട്ടുകൊടുക്കണമെന്നും ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി പ്രത്യേക താല്പര്യമെടുക്കണമെന്നും അഭ്യർത്ഥിക്കുന്നു.

റവന്യുവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, ഐ.എച്ച്.ആർ.ഡി.-യുടെ അധീനതയിലുള്ള മലപ്പുറം ഗവൺമെന്റ് കോളേജിൽ പ്രവർത്തിക്കുന്ന കോളേജ് ഓഫ് അപ്ലൈഡ് സയൻസസ് എന്ന സ്ഥാപനത്തിന് സ്വന്തമായ സ്ഥലവും കെട്ടിടവും ഇല്ലാത്തതിനാൽ സർക്കാർ ഭൂമി ലഭ്യമാക്കണമെന്ന് പ്രിൻസിപ്പൽ ആവശ്യം ഉന്നയിച്ചിരുന്നു. പന്തല്ലൂർ വില്ലേജ് ഓഫീസ് കോമ്പൗണ്ട് സ്ഥിതി ചെയ്യുന്ന സ്ഥലം

ഇതിനായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത ഭൂമിയുമായി ബന്ധപ്പെട്ട് 12-4-2012-ൽ മലപ്പുറം ജില്ലാകളക്ടർ സർക്കാരിന് നൽകിയിട്ടുള്ള റിപ്പോർട്ട് പ്രകാരം മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്കിൽ പന്തല്ലൂർ വില്ലേജ് ഓഫീസ് കോമ്പൗണ്ട് സ്ഥിതി ചെയ്യുന്ന സ്ഥലം സർക്കാരിന്റെ ഭാവിയിലെ പലവിധ വികസന പ്രവർത്തനങ്ങൾക്കായി നീക്കിവച്ചിരിക്കുകയാണ്. കൂടാതെ വില്ലേജ്, റവന്യൂ ഓഫീസ് കോമ്പൗണ്ടുകളോട് ചേർന്നു കിടക്കുന്ന സർക്കാർ കോമ്പൗണ്ട് ഭൂമികൾ മറ്റ് ആവശ്യങ്ങൾക്ക് പരിഗണിക്കേണ്ടതില്ല എന്ന നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 29-8-2009-ലെ 55028/എൽ.3/2008 നമ്പർ സർക്കുലർ പ്രകാരം പ്രസ്തുത നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുള്ളതാണ്. ആയതിനാൽ കോളേജ് സ്ഥാപിക്കുന്നതിനായി സർക്കാർ വക മറ്റു ഭൂമി ലഭ്യമാക്കാവുന്നതാണോ എന്ന് ബന്ധപ്പെട്ടവരിൽനിന്നും അപേക്ഷ ലഭിക്കുമ്പോൾ പരിശോധിക്കുന്നതാണ്.

## യുണൈറ്റഡ് ഡിസ്റ്റിലറീസ് കമ്പനിയുടെ പ്രവർത്തനം

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, നെന്മാറ മണ്ഡലത്തിലെ മുതലമട ഗ്രാമപഞ്ചായത്തിൽ പുതിയ ഡിസ്റ്റിലറി തുടങ്ങുവാൻ ഗവൺമെന്റ് അനുമതി നൽകിയിരിക്കുകയാണ്. പൊതുവെ കുടിവെള്ളക്ഷാമം രൂക്ഷമായിരിക്കുന്ന ഈ മേഖലയിൽ ഇത്തരം ഒരു കമ്പനി ആരംഭിച്ചാൽ അതിരൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടും, നെൽകൃഷിക്ക് വെള്ളം കിട്ടാതാവും. കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന യുണൈറ്റഡ് ഡിസ്റ്റിലറീസ് എന്ന കമ്പനിയാണ് ഇവിടേയ്ക്ക് കൊണ്ടുവരുന്നത്. നിലവിലുള്ള സംഭരണശേഷി ഏഴ് ലക്ഷത്തിൽ നിന്ന് 25 ലക്ഷമായി വർദ്ധിപ്പിച്ചിരിക്കുന്നു. ഇന്ത്യൻ നിർമ്മിത വിദേശമദ്യം ഉൽപ്പാദനശേഷി 2,88,000 ലിറ്ററിൽനിന്ന് 12 ലക്ഷമായി വർദ്ധിപ്പിച്ചിരിക്കുന്നു. ബോട്ടിലിംഗ് യൂണിറ്റ് ഏഴിൽ നിന്ന് 15 ആയി വർദ്ധിപ്പിച്ചിരിക്കുന്നു. മണിക്കൂറിൽ 10000 ലിറ്റർ വെള്ളം ഉപയോഗിക്കാമായിരുന്നത് 20000 ലിറ്റർ ആക്കി വർദ്ധിപ്പിച്ചു. ഒരു മാസം ഒന്നര ലക്ഷം കെയ്സ് ഉൽപ്പാദനശേഷി എന്നത് ആറ് ലക്ഷമാക്കി വർദ്ധിപ്പിച്ചു. ചില സാങ്കേതിക കാരണങ്ങളാൽ കോഴിക്കോട് പ്രവർത്തിപ്പിക്കാൻ കഴിയില്ല എന്നതിന്റെ പേരിലാണ് പാലക്കാട്ടേയ്ക്ക് കമ്പനി മാറ്റി സ്ഥാപിക്കുവാൻ സർക്കാർ അനുമതി നൽകിയിരിക്കുന്നത്. ശുദ്ധജലം അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന കമ്പനി, മേഖലയിൽ കുടിവെള്ളക്ഷാമം രൂക്ഷമാക്കും. നിലവിൽ ഇതേപോലുള്ള ഒരു കമ്പനി ഇവിടെ പ്രവർത്തിക്കുന്നുണ്ട്. അത് തടയണമെന്ന അഭിപ്രായം

നിലനിൽക്കുമ്പോഴാണ് പുതിയ കമ്പനി വരുന്നത്. ഭൂമിക്കടിയിലെ ശുദ്ധ ജലലഭ്യത സംബന്ധിച്ച് യാതൊരു പഠനവും നടത്താതെയാണ് കമ്പനിക്ക് അനുമതി നൽകിയിരിക്കുന്നത്. ആവശ്യമായ വെള്ളം ഇവിടെ ലഭ്യമാണെന്ന് ആധികാരികമായി പ്രഖ്യാപിച്ചിരിക്കുന്നത് ജോയിന്റ് എക്സൈസ് കമ്മീഷണറാണ്. ഇത് തെറ്റാണ്, തിരുത്തണം. ഇപ്പോൾ ഇവിടെ പ്രവർത്തിക്കുന്ന കമ്പനി ഇതുപോലെ മറ്റൊരിടത്തുനിന്നും മാറ്റിക്കൊണ്ടു വന്നതാണ്. എതിർപ്പുകൾ നേരിടുന്ന ആ കമ്പനി നിലനിൽക്കുന്ന സ്ഥലത്ത് മറ്റൊരു കമ്പനിക്ക് അനുവാദം നൽകരുത്. പാലക്കാട് ജില്ലയിൽ കൊക്കോക്കോള, പെപ്സിക്കോള തുടങ്ങിയ കമ്പനികൾ ഈ മേഖലയിൽ ഉണ്ടാക്കിയ ശുദ്ധജലചൂഷണം ഗൗരവമായി നിലനിൽക്കുമ്പോൾ ജനങ്ങൾ ആശങ്കയിലാണ്. ഈ പ്രദേശത്തെ എല്ലാ ജനവിഭാഗങ്ങളും ഈ കമ്പനിക്ക് എതിരാണ്. യു.ഡി.എഫ്. നേതൃത്വം നൽകുന്ന പഞ്ചായത്ത് ഭരണ സമിതി കമ്പനിക്കെതിരായുള്ള നിലപാടാണ് സ്വീകരിക്കുന്നത്. എല്ലാ രാഷ്ട്രീയ പാർട്ടികളും കർഷക സംഘടനകളും കമ്പനിക്ക് എതിരാണ് അതുകൊണ്ട് കമ്പനി ആരംഭിക്കാനുള്ള ഉത്തരവ് പിൻവലിക്കണം. കോഴിക്കോട് പ്രവർത്തിക്കുന്ന കമ്പനി പാലക്കാട്ടേയ്ക്ക് കൊണ്ടുവരുവാൻവേണ്ടി പറഞ്ഞ ന്യായം ഹൈക്കോടതി ഉത്തരവും അതുപോലെ തൊഴിലാളികളുടെ പ്രശ്നവുമാണ്. ഇവിടെയും ആ രൂപത്തിലുള്ള പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട

മന്ത്രി ഈ കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ഉത്തരവ് പിൻവലിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു ): സർ, കോഴിക്കോട് ജില്ലയിലെ വെങ്ങേലിപ്പാറയിൽ പ്രവർത്തിച്ചുവരുന്ന യുണൈറ്റഡ് ഡിസ്റ്റിലറിക്ക് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിഷ്ക്കർഷിച്ച നിബന്ധനകൾ പാലിക്കാൻ കഴിയാത്തതിനാൽ 2011 ഡിസംബർ മാസത്തിനകം ഡിസ്റ്റിലറി മാറ്റി സ്ഥാപിക്കണമെന്ന് ബോർഡും പ്രാദേശിക പഞ്ചായത്തും ആവശ്യപ്പെടുകയുണ്ടായി. ഡിസ്റ്റിലറി മാറ്റി സ്ഥാപിക്കുന്നതിനുള്ള അപേക്ഷ 9-2-2011-ൽ കമ്പനി സമർപ്പിച്ചു. കമ്പനി ഫയൽ ചെയ്ത റീ-പെറ്റീഷൻ 1309/2011 ഹർജിയിൽ ഈ അപേക്ഷ നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് എത്രയും വേഗം തീർപ്പാക്കണമെന്ന് 6-5-2011 -ൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഉത്തരവിടുകയും ചെയ്തു. ഡിസ്റ്റിലറി പൂട്ടേണ്ട സാഹചര്യം ഉണ്ടായാൽ നാന്നൂറോളം വരുന്ന തൊഴിലാളികളുടേയും അവരുടെ കുടുംബാംഗങ്ങളുടേയും ഉപജീവനമാർഗ്ഗം നഷ്ടപ്പെടുകയും സർക്കാരിന് കോടിക്കണക്കിന് രൂപയുടെ വരുമാനനഷ്ടം ഉണ്ടാവുകയും ചെയ്യുമെന്നും, 29-9-1999-ലെ സർക്കാർ ഉത്തരവ് പ്രകാരം കേരളത്തിൽ ഇനി പുതിയ ഡിസ്റ്റിലറി യൂണിറ്റുകൾ അനുവദിക്കേണ്ട എന്നാണ് തീരുമാനമെങ്കിലും നിലവിൽ പ്രവർത്തിക്കുന്ന ഡിസ്റ്റിലറികളെ അവരുടെ ആവശ്യപ്രകാരം കപ്പാസിറ്റി വർദ്ധിപ്പിക്കുവാൻ ചട്ടങ്ങൾക്ക് വിധേയമായി

അനുവദിക്കാവുന്നതുമാണെന്നുമുള്ള നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 14-3-2012-ൽ എക്സൈസ് കമ്മീഷണർ സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുകയുണ്ടായി. ഇതിനിടെ കോർട്ട് അലക്ഷ്യനടപടികളുമായി ഡിസ്റ്റിലറി ഉടമകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുകയും 2012 മാർച്ച് 26-ാം തീയതിക്കുമുമ്പ് തീരുമാനം എടുത്തില്ലെങ്കിൽ നികുതി വകുപ്പ് സെക്രട്ടറി കോടതിയിൽ നേരിട്ട് ഹാജരാകണമെന്ന് ഉത്തരവിടുകയും ചെയ്തു. 1968-ലെ കേരള ഡിസ്റ്റിലറി ആന്റ് വെയർഹൗസ് ചട്ടങ്ങളിൽ ഡിസ്റ്റിലറി മാറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ചുള്ള വ്യവസ്ഥകളൊന്നും തന്നെയില്ല. മുകളിൽ പറഞ്ഞ വസ്തുതകളുടെ വെളിച്ചത്തിൽ നിയമവകുപ്പിന്റെ ഉപദേശംകൂടി തേടിക്കൊണ്ട് ഒരു പുതിയ ഡിസ്റ്റിലറി സ്ഥാപിക്കാൻ പാലിക്കേണ്ട എല്ലാ നടപടിക്രമങ്ങളും നിബന്ധനകളും പാലിച്ചുകൊണ്ടാണ് യുണൈറ്റഡ് ഡിസ്റ്റിലറി വെങ്ങേലിപ്പാറയിൽ നിന്നും മുതലമടയിലേയ്ക്ക് മാറ്റിസ്ഥാപിക്കുവാൻ സർക്കാർ 29-3-2012-ൽ ഉത്തരവ് പുറപ്പെടുവിച്ചത്. ഇത് തത്വത്തിലുള്ള ഒരു അനുവാദം മാത്രമാണ്. 13-4-2012-ലെ എക്സൈസ് കമ്മീഷണർ ഡിസ്റ്റിലറി ഉടമയ്ക്കു നൽകിയ ഉത്തരവിൽ ഇപ്രകാരം വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. Sanction is hereby accorded to shift without capacity enhancement subjected to condition that, all legal formalities for commencing a new distillery should be observed strictly. മുതലമടയിൽ ഈ ഡിസ്റ്റിലറി സ്ഥാപിക്ക

ണമെങ്കിൽ ബന്ധപ്പെട്ട പഞ്ചായത്ത് അടക്കം മറ്റ് എല്ലാ ഏജൻസികളുടെയും സ്ഥാപനങ്ങളുടെയും എൻ.ഒ.സി. ആവശ്യമാണ്. ഡിസ്റ്റിലറികളുടെ ആവശ്യം പരിഗണിക്കുമ്പോൾ പാരിസ്ഥിതിക പ്രശ്നങ്ങൾ കണക്കിലെടുത്തുകൊണ്ടുമാത്രമേ ബന്ധപ്പെട്ട പഞ്ചായത്തും മറ്റു സ്ഥാപനങ്ങളും തീരുമാനമെടുക്കുകയുള്ളു എന്നു കരുതുന്നു. അവരുടെ എൻ.ഒ.സി. -യും അനുവാദവും ലഭിച്ചതിനുശേഷം മാത്രമേ ഡിസ്റ്റിലറി മുതലമടയിൽ മാറ്റി സ്ഥപിക്കുവാൻ സാധിക്കുകയുള്ളു. ആദ്യംതന്നെ പറയാം ഈ ഫയൽ ഒറിജിനേറ്റ് ചെയ്തത് ഈ ഗവൺമെന്റിന്റെ കാലത്തല്ല, കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്താണ്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി നികുതിവകുപ്പ് സെക്രട്ടറിയോട് നേരിട്ട് കോടതിയിൽ ഹാജരാകണം എന്നാവശ്യപ്പെട്ട സാഹചര്യത്തിലാണ് ഈ കാര്യത്തിൽ ഗവൺമെന്റ് തീരുമാനമെടുത്തത്. ഇവിടെ ശ്രീ. വി. ചെന്താമരാക്ഷൻ ചൂണ്ടിക്കാണിച്ചതുപോലെ കപ്പാസിറ്റി വർദ്ധിപ്പിക്കാനോ വെള്ളം കൂടുതൽ ഉപയോഗിക്കാനോ ഗവൺമെന്റ് കൊടുത്ത ഉത്തരവിലില്ല. വളരെ സ്ട്രിക്ടായി no enhancement എന്ന് വളരെ ക്ലിയറായി പറഞ്ഞിട്ടുണ്ട്. പഞ്ചായത്ത് അനുമതി കൊടുത്തില്ലെങ്കിൽ ഇത് നടക്കാൻ പോകുന്നില്ല. ഒരു പുതിയ ഡിസ്റ്റിലറി തുടങ്ങുമ്പോൾ പഞ്ചായത്തിന്റെയും പൊല്യൂഷൻ കൺട്രോൾ ബേർഡിന്റെയും അനുവാദം വേണം. അങ്ങനെ എല്ലാ നടപടികളും പൂർത്തിയാക്കിയാൽ മാത്രമേ പുതിയ ഡിസ്റ്റിലറി തുടങ്ങാൻ സാധിക്കുകയുള്ളു. ആ വ്യവസ്ഥയിലാണ് ഗവൺമെന്റ് ഇത് കൊടുത്തിട്ടുള്ളത്.

അദ്ദേഹം തൊഴിലാളികളുടെ കാര്യങ്ങളെക്കുറിച്ച് പറഞ്ഞു. അപ്പുറ ത്തുനിന്നുള്ള ഏറ്റവും പ്രധാനപ്പെട്ട ചില നേതാക്കന്മാർ അവിടത്തെ തൊഴിലാളികളുടെ ജോലി നഷ്ടപ്പെടുത്തുന്ന സാഹചര്യത്തിൽ ആ കാര്യം പരിശോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനം തന്നിട്ടു ണ്ട്. ഞാൻ പേര് വെളിപ്പെടുത്തുന്നില്ല.

മി. സ്പീക്കർ : അതുവേണ്ട.

ശ്രീ. കെ. ബാബു : സർ, വെളിപ്പെടുത്തുന്നില്ല. പക്ഷേ, ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അവിടെ ഈ ഡിസ്റ്റിലറി തുടങ്ങി ക്കൊടുക്കും എന്നുള്ള യാതൊരു വ്യവസ്ഥയും ഇല്ല. കോടതി നിർദ്ദേശി ച്ചതിന് അനുസരിച്ച് ഈ കാര്യം പരിഗണിച്ചിട്ടുണ്ട്. പഞ്ചായത്തിന് പൂർണ്ണമായ അധികാരമുണ്ട്. കപ്പാസിറ്റി എൻഹാൻസ്മെന്റ് ഗവൺമെന്റ് അംഗീകരിച്ചിട്ടില്ല.

**സമഗ്ര മത്സ്യവിത്ത് നയം രൂപീകരിക്കേണ്ടതിന്റെ ആവശ്യകത**

ശ്രീ. ലൂഡി ലൂയീസ് : സർ, ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യ കൃഷിയെ പ്രോത്സാഹിപ്പിക്കുവാൻ സമഗ്രമായ ഒരു മത്സ്യവിത്തുനയം ആവിഷ്ക്കരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. ഒട്ടനവധി മത്സ്യങ്ങളെക്കൊണ്ട് സമ്പന്നമാണ് നമ്മുടെ സംസ്ഥാനം. പക്ഷേ, പല മത്സ്യങ്ങളും ഇന്ന് നമുക്ക് അന്യമായി തീർന്നിരിക്കുന്നു. പല ഔഷധമൂല്യമുള്ള മത്സ്യങ്ങളും നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിരുന്നു. പ്രത്യേകിച്ച് നമ്മുടെ നാടൻ ജലാശയങ്ങളിൽ ഉണ്ടായിരുന്ന വരാൽ പോലുള്ള മത്സ്യങ്ങൾ സർജറി കഴിഞ്ഞാൽ മുറിവുണങ്ങുന്നതിന് ഏറ്റവും ഉത്തമമായ ഔഷധമായിരുന്നു. കാത്സ്യം കൂടുതലലുള്ള കൊഴുവ, കരിമീൻ - നമ്മുടെ കരിമീൻ ഉൽപ്പാദനം വളരെ കുറവാണ്, പുറത്തുനിന്നാണ് വരുന്നത് - തുടങ്ങിയ മത്സ്യങ്ങൾ ഉണ്ടായിരുന്നു എന്ന് പുതിയ തലമുറയെ ബോദ്ധ്യപ്പെടുത്തുന്നതിനുവേണ്ടി, ഈ മത്സ്യങ്ങളുടെ സംരക്ഷണത്തിനുവേണ്ടി, ഗുണമേന്മയുള്ള പുതിയ മത്സ്യവിത്തുകൾ ലഭിക്കുന്നതിനുവേണ്ടി സമഗ്രമായ ഒരു മത്സ്യവിത്ത് നയം ആവിഷ്ക്കരിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. ലൂഡി ലൂയീസ് വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് സബ്മിഷനിലൂടെ ഉന്നയിച്ചിട്ടുള്ളത്. മത്സ്യമേഖല നേരിടുന്ന ഏറ്റവും കാതലായ ഒരു പ്രശ്നം ഗുണമേന്മയുള്ള മത്സ

്യവിത്തുകൾ ആവശ്യാനുസരണം ലഭിക്കുന്നില്ല എന്നതാണ്. കേരളത്തിൽ ഏകദേശം നാല് ലക്ഷം ഹെക്ടറിലധികം ഉൾനാടൻ ജലാശയമുണ്ടെങ്കിലും 25 ശതമാനത്തിനുതാഴെ മാത്രമാണ് ഉപയോഗിക്കുന്നത്. ആവശ്യമുള്ള വിത്തിന്റെ ഏകദേശം 35 ശതമാനം മാത്രമാണ് സംസ്ഥാനത്തിനകത്ത് ലഭിക്കുന്നത്. ഈ പ്രശ്നം പരിഹരിച്ച് വിത്തുൽപ്പാദനത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കുന്നതിനായി ആർ.കെ.വി.വൈ.-യുടെ ധനസഹായത്തോടെ ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള ആറ് ഹാച്ചറികളിലെ ഭൗതിക സൗകര്യങ്ങൾ വികസിപ്പിച്ച് ഉൽപ്പാദനം അറുനൂറ് ലക്ഷത്തോളം ചെമ്മീൻ/മത്സ്യ കുഞ്ഞുങ്ങളായി വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. മത്സ്യവിത്തുകളുടെ കുറവ് പരിഹരിക്കുന്നതിനായി പുതിയ ഹാച്ചറികൾ ആരംഭിക്കുന്നതിന് മത്സ്യ വിത്തുൽപ്പാദന സംരംഭകർക്കും റെയറിംഗ് ഗ്രൂപ്പുകൾക്കും പ്രൊഡക്ഷൻ ഇൻസെന്റീവ് ഏർപ്പെടുത്തുന്ന കാര്യവും സർക്കാർ പരിശോധിച്ചുവരികയാണ്. സംസ്ഥാനത്തിന് പുറത്തുള്ള ഹാച്ചറികളിൽ നിന്നും നേരിട്ട് മത്സ്യക്കുഞ്ഞുങ്ങളെ വാങ്ങുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്. മത്സ്യവിത്തിന്റെ ഗുണനിലവാരം ഈ മേഖല അഭിമുഖീകരിക്കുന്ന മറ്റൊരു പ്രധാനപ്പെട്ട പ്രശ്നമാണ്. കൃഷിക്കുപയോഗിക്കുന്ന മത്സ്യവിത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുവാൻ കുമ്പളങ്ങിയിലും നോർത്ത് പറവൂരിലും വർക്കല ഓടയം ഹാച്ചറിയിലും പ്രവർത്തിക്കുന്ന പി.സി.ആർ ലാബ് ഗണ്യമായ പങ്ക് വഹിക്കുന്നു. ഈ ലാബുകൾ ഇപ്പോൾ

വൈറസ്രോഗ പരിശോധനയ്ക്കായി ഡബ്ലിയൂ.എസ്.എസ്.വി, എം.ബി. വി, ഐ.എച്ച്.എസ്. എന്നീ ടെസ്റ്റുകൾ നടത്തി പരിശോധനാ സർട്ടിഫിക്കറ്റ് നൽകിവരുന്നു. കൂടാതെ ഫാർമേഴ്സ് ഡെവലപ്പ്മെന്റ് ഏജൻസികൾ വഴി ബോധവത്ക്കരണ ക്ലാസുകളും സംഘടിപ്പിക്കുന്നുണ്ട്. നാടൻ മത്സ്യയിനങ്ങളുടെ സംരക്ഷണത്തിനായി വേമ്പനാട് കായലിലും വെള്ളായണി കായലിലും മത്സ്യ സങ്കേതങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. മത്സ്യക്കുഞ്ഞുങ്ങളുടെ ഉത്പാദനവും വിപണനവും നിയന്ത്രിക്കുക, ഗുണമേന്മ ഉറപ്പാക്കുക മത്സ്യകൃഷിക്കും ഹാച്ചറികൾക്കും രജിസ്ട്രേഷൻ നല്കുക, സീഡ് സർട്ടിഫിക്കേഷൻ നല്കുക എന്നിവയിലൂടെ ഉത്പാദനം വർദ്ധിപ്പിക്കുവാനും ഉൾനാടൻ മത്സ്യോല്പാദന മേഖലയിൽ ഗുണപരമായ മാറ്റമുണ്ടാക്കുവാനും സാധിക്കും. ഇതിനായൊരു ഫിഷ് സീഡ് സെന്റർ ആരംഭിക്കാനും സർക്കാർ ഉദ്ദേശിക്കുന്നു. ഈ നടപടികൾക്ക് നിയമപരമായ സംരക്ഷണം ഉറപ്പാക്കേണ്ട സാഹചര്യത്തിൽ സമഗ്രമായ ഒരു വിത്ത് നിയമത്തിന് രൂപം നല്കാൻ സർക്കാർ ആഗ്രഹിക്കുന്നു. ഇതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. അടുത്ത നിയമസഭാ സമ്മേളനത്തിൽ ബിൽ അവതരിപ്പിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ശ്രീ. ലൂഡി ലൂയിസ് കരിമീൻ ഉൾപ്പെടെയുള്ള മത്സ്യങ്ങൾ ഉത്പാദിപ്പിക്കുന്നതിനുള്ള വിത്തുകളുടെ കുറവിനെ കുറിച്ച് സൂചിപ്പിച്ചു. അതിനുവേണ്ടി ആയിരംതെങ്ങിൽ 16 കോടി രൂപ മുടക്കി കരിമീൻ വിത്തുല്പാദന കേന്ദ്രം ആരംഭിക്കാനും തീരുമാനിച്ചിട്ടുണ്ട്.

**വ്യാജ പട്ടികജാതി സർട്ടിഫിക്കറ്റ് വാങ്ങി ജോലിയിൽ തുടരുന്ന നടപടി**

ശ്രീ. വി.പി. സജീന്ദ്രൻ: സർ, പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവർ ജോലി തട്ടിയെടുക്കുന്നതിനുവേണ്ടി വ്യാജ ജാതിസർട്ടിഫിക്കറ്റ് വാങ്ങി സർക്കാർ സർവീസിൽ പ്രവേശിക്കുകയും ആരെങ്കിലും പരാതി കൊടുത്താൽ കിർത്താഡ്സ് അന്വേഷണം നടത്തി ഇവർ ഈ വിഭാഗത്തിൽപ്പെട്ടവർ അല്ലെന്ന് കണ്ടെത്തിയാൽപ്പോലും ഇവർക്കെതിരെ സർക്കാർ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. കോടതിയിൽനിന്ന് സ്റ്റേ വാങ്ങി ജോലിയിൽ തുടരുകയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. വ്യാജ ജാതി സർട്ടിഫിക്കറ്റ് വാങ്ങി ജോലി സമ്പാദിക്കുന്ന ഇക്കൂട്ടർക്ക് കോടതി നല്കുന്ന ആനുകൂല്യത്തിന്റെപേരിൽ പാവപ്പെട്ടവരായ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ അവസരമാണ് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത്. ഇവരെ ഇന്നത്തെ സാഹചര്യത്തിൽ പിരിച്ചുവിടാനോ കടുത്ത ശിക്ഷ കൊടുക്കുവാനോ നിയമസംവിധാനമില്ല. ഇതുമൂലം വ്യാജ സർട്ടിഫിക്കറ്റ് വാങ്ങി ജോലി സമ്പാദിക്കാൻ ആളുകൾക്ക് പ്രചോദനം കൂടുകയാണ്. ഇത് സാമൂഹ്യനീതി ലഭിക്കേണ്ട അർഹതയുള്ള പട്ടികജാതി-പട്ടികവർഗ്ഗ സമുദായത്തിലെ അഭ്യസ്ഥവിദ്യരോടുള്ള വെല്ലുവിളിയാണ്. ഈ അവസ്ഥയ്ക്ക് മാറ്റംവന്നേ മതിയാകൂ. വ്യാജ സർട്ടിഫിക്കറ്റ് വാങ്ങി സർവീസിൽ പ്രവേശിക്കുന്നവരെ സർവീസിൽ നിന്ന് പരിച്ചുവിടുകയും കുറഞ്ഞത് 8 വർഷംവരെ തടവുശിക്ഷ ലഭിക്കുന്നവിധത്തിലുള്ള നിയമനിർമ്മാണം നടത്തുകയും വേണം. കോടതി വിധിയുടെ ആനൂകൂല്യംപറ്റി

ജോലിയിൽ തുടരുന്നവരെ ടെർമിനേറ്റ് ചെയ്യുന്നതിനായി അടിയന്തിര ഓർഡിനൻസ് കൊണ്ടുവരണം. ഇവർക്ക് ലഭിച്ച ആനുകൂല്യങ്ങൾ സർക്കാരിലേയ്ക്ക് മുതൽകൂട്ടണം. ഇതിനായി അടിയന്തര നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെ തന്നെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ അർഹതപ്പെട്ടവരുടെ ജോലി തട്ടിയെടുക്കുന്നതിനുവേണ്ടി വ്യാജ സർട്ടിഫിക്കറ്റുകളും രേഖ കളും സമർപ്പിച്ച് സർവീസിൽ കയറിയവരെ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുന്നതിന് ഒരു വിജിലൻസ് കമ്മീഷനെക്കൂടി നിയമി ക്കണമെന്ന് ഈ സബ്മിഷനിലൂടെ ഗവൺമെന്റിനോട് ആവശ്യപ്പെടുക യാണ്.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽ കുമാർ): സർ, ജാതി സർട്ടിഫിക്കറ്റു കൾ നല്കാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ നല്കുന്ന സർട്ടിഫിക്കറ്റുക ളുടെ അടിസ്ഥാനത്തിൽ ജോലി സമ്പാദിക്കുന്നവരുടെ സാക്ഷ്യപത്രങ്ങൾ സംബന്ധിച്ച പരിശോധന നടത്തുന്ന 1996-ലെ കേരള പട്ടികജാതി-പ ട്ടികവർഗ്ഗ ഗോത്ര വർഗ്ഗങ്ങളുടെ സമുദായ സാക്ഷ്യപത്രം നല്കുന്നത് ക്രമപ്പെടുത്തൽ നിയമത്തിലെ എട്ടാം വകുപ്പുപ്രകാരം സമുദായ സാക്ഷ്യ പത്ര നിർണ്ണയത്തിനായുള്ള സൂക്ഷ്മ പരിശോധനാ സമിതിയാണ്. പഴയ കാല രേഖകളുടേയും സാമൂഹികവും നരവംശ ശാസ്ത്രപരവുമായ തെളിവുകളുടേയും അടിസ്ഥാനത്തിലാണ് സമുദായ നിർണ്ണയ പ്രശ്നങ്ങ

ളിൽ തീരുമാനമെടുക്കുന്നത്. സൂക്ഷ്മ പരിശോധന സമിതി ഒരാളുടെ ജാതി പട്ടികജാതിയാണോ പട്ടികവർഗ്ഗമാണോ എന്ന അവകാശവാദം യാഥാർത്ഥ്യമല്ലെന്ന് കണ്ടെത്തുകയാണെങ്കിൽ മേൽപ്പടി ആൾക്ക് ലഭിച്ചിട്ടുള്ള സാക്ഷ്യപത്രം റദ്ദാക്കുന്നതിന് പ്രസ്തുത നിയമത്തിലെ എട്ടാം വകുപ്പുപ്രകാരം സ്ക്രൂട്ടിനി കമ്മിറ്റിക്ക് അധികാരമുണ്ട്. പ്രസ്തുത കമ്മിറ്റിക്ക് ഒരാൾ വ്യാജ ജാതിസർട്ടിഫിക്കറ്റ് ഉപയോഗിച്ച് ജോലി സമ്പാദിച്ചു എന്ന് ബോദ്ധ്യപ്പെട്ടാൽ മേൽ സൂചിപ്പിച്ച ആക്ടിലെ എട്ടാം വകുപ്പുപ്രകാരം പ്രസ്തുത വ്യക്തിയുടെ ജാതിസർട്ടിഫിക്കറ്റ് റദ്ദാക്കുകയും ഇവർക്കെതിരെ പിരിച്ചുവിടൽ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. വ്യാജ ജാതി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ജോലി നേടിയ ഒട്ടനവധി വ്യക്തികൾക്കെതിരെ പ്രസ്തുത നിയമപ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ നടപടിക്ക് വിധേയരാകുന്ന വ്യക്തികൾ തഹസിൽദാരിൽ നിന്ന് അടുത്തകാലത്ത് കരസ്ഥമാക്കിയ സർട്ടിഫിക്കറ്റുകളും മറ്റും ഉപയോഗിച്ച് കോടതിയെ തെറ്റിദ്ധരിപ്പിച്ച് വിധി സമ്പാദിക്കുന്ന ചില കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അങ്ങനെ നേടിയ കോടതിവിധികൾ നീക്കിക്കിട്ടുവാനുള്ള കാലതാമസംമൂലം ഇത്തരം ആളുകൾ ജോലിയിൽ തുടരുന്ന അവസ്ഥ നിലവിലുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ നിയമനിർമ്മാണത്തിന്റെ അഭാവമല്ല, ഇത്തരക്കാരെ ബഹുമാനപ്പെട്ട കോടതികളെ സമീപിച്ച് അനുകൂല വിധി നേടാൻ പ്രാപ്തരാക്കുന്നത്. ഏതായാലും ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച കാര്യങ്ങൾ

ഗവൺമെന്റ് വളരെ ഗൗരവത്തോടുകൂടിത്തന്നെ കാണും. വ്യാജസർട്ടിഫിക്കറ്റുകൾ വാങ്ങി സർവീസിൽ കയറിയവരെക്കുറിച്ച് അന്വേഷണം നടത്തണമെന്ന് അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി തീർച്ചയായും ഗവൺമെന്റ് പരിഗണിക്കുന്നതാണ്

**കാർട്ടൂൺ മ്യൂസിയം സ്ഥാപിക്കണമെന്ന ആവശ്യം**

ശ്രീ. സി.കെ. സദാശിവൻ: സർ, കാർട്ടൂൺ കലയുടെ കുലപതിയായ കാർട്ടൂണിസ്റ്റ് ശങ്കറുടെ ജന്മനാടായ കായംകുളത്ത് അദ്ദേഹത്തിന് ഉചിതമായ ഒരു സ്മാരകം നിർമ്മിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. മധ്യതിരുവിതാംകൂറിലെ ഓണാട്ടുകരയിൽ കായംകുളം ഇല്ലിക്കുളത്ത് തറവാട്ടിൽ ജനിച്ച ശങ്കരൻ എൽ.പി സ്കൂളിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ ക്ലാസെടുക്കാനെത്തിയ കുടവയറനായ ഹെഡ്മാസ്റ്റർ കാൽ മേശമേൽ കയറ്റിവച്ച് കൂർക്കംവലിച്ചുറങ്ങുന്ന കാർട്ടൂൺ വരച്ച് സഹപാഠികളുടെ കൂട്ടച്ചിരിക്ക് ഇടയാക്കി. അതിൽ കോപിഷ്ടനായ ഹെഡ്മാസ്റ്ററുടെ ശകാരം ഏറ്റുവാങ്ങിയ ശങ്കരനാണ് പിന്നീട് ലോകപ്രശസ്തനായ കാർട്ടൂണിസ്റ്റായി മാറിയത്. കഴുത്തറുക്കുന്ന ബ്രിട്ടീഷ് ഭരണകാലത്ത് വൈസ്രോയി വെല്ലിംഗ്ടൺ പ്രഭുവിന്റെ ജനവിരുദ്ധ നടപടികൾ തുറന്നുകാട്ടി പരിഹസിച്ച് കാർട്ടൂൺ വരച്ച ശങ്കരനെ വൈസ്രോയി വിളിച്ചുവരുത്തിയെങ്കിലും ആദരവോടെ സ്വീകരിക്കുകയാണുണ്ടായത്. മഹാത്മാഗാന്ധിയും മുഹമ്മദാലി ജിന്നയുമടക്കമുള്ള ഭാരതത്തിലെ എല്ലാ പ്രമുഖന്മാരെക്കുറിച്ചും കാർട്ടൂൺ വരച്ച കാർട്ടൂണിസ്റ്റ് ശങ്കർ പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ്ജിയുടെ 1500-ൽപ്പരം കാർട്ടൂണുകളാണ് വരച്ചത്. നെഹ്റുവിന്റെ 60-ാം ജന്മദിനത്തിൽ മകൾ ഇന്ദിരാഗാന്ധി, അദ്ദേഹത്തെക്കുറിച്ച് കാർട്ടൂണിസ്റ്റ് ശങ്കർ വരച്ച 20 കാർട്ടൂണുകളടങ്ങുന്ന ആൽബമാണ് ജന്മദിന സമ്മാനമായി നല്കിയത്. ചിന്തയുടെയും ചിരിവരയുടേയും രാജാ

വായ ശങ്കറിനെ തേടിയെത്തിയത് നിരവധി പുരസ്കാരങ്ങളാണ്. ഭാരത സർക്കാരിന്റെ പരമോന്നത ബഹുമതികളായ പത്മശ്രീ, പത്മഭൂഷൺ, പത്മ വിഭൂഷൺ തുടങ്ങിയ പുരസ്കാരങ്ങളും നിസ്വാർത്ഥ സേവനമനുഷ്ടി ക്കുന്ന വ്യക്തികൾക്കുള്ള അന്തർദ്ദേശീയ പുരസ്കാരമായ 'The order of the smile' എന്ന ബഹുമതിയും അദ്ദേഹത്തിന് ലഭിക്കുകയുണ്ടായി. ഇന്ത്യയിൽ ആദ്യമായി ആ ബഹുമതി ലഭിക്കുന്നത് ശങ്കറിനാണ്. കുട്ടിക ളുടെ തോഴനായ ശങ്കർ രാജ്യത്തെ അപൂർവ്വ വ്യക്തിത്വങ്ങളിൽ ഒന്നാണ്. കാർട്ടൂണിസ്റ്റ് ശങ്കറിന് ഉചിതമായ ഒരു സ്മാരകം നമ്മുടെ നാട്ടിൽ നിർമ്മിക്കാൻ കഴിയാതെപോയത് ഖേദകരമായിപ്പോയി. ഇപ്പോൾ കായം കുളത്തെ കൃഷ്ണപുരം സാംസ്കാരിക വിനോദ സഞ്ചാര സമുച്ചയ ത്തിൽ ഓണാട്ടുകരയിലെ സാംസ്കാരിക നായകന്മാരുടെ പ്രതിമക ളൊക്കെ സ്ഥാപിച്ച് ഭാവിതലമുറയ്ക്ക് അവരെ പരിചയപ്പെടുത്തിക്കൊടു ക്കുന്നതിനുവേണ്ടി ഒരു മ്യൂസിയവും ആർട്ട് ഗ്യാലറിയും നിർമ്മിക്കുന്നു ണ്ട്. ആ മ്യൂസിയത്തിൽ കാർട്ടൂണിസ്റ്റ് ശങ്കറിന്റെ പ്രതിമ സ്ഥാപിച്ച് കാർട്ടൂൺ ശേഖരങ്ങളുടെ മ്യൂസിയമാക്കി മാറ്റുന്നതിനുള്ള നടപടി സ്വീക രിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. (ശ്രീ. കെ. സി. ജോസഫ്)

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി <u>(ശ്രീ. കെ.സി. ജോസഫ്)</u>: സർ, ബഹുമാന പ്പെട്ട ശ്രീ. സി.കെ. സദാശിവൻ ചൂണ്ടിക്കാണിച്ചതുപോലെ ഇന്ത്യയിലെ കാർട്ടൂൺ കലയുടെ കുലപതിയായ കാർട്ടൂണിസ്റ്റ് ശങ്കർ കേരളത്തിന് വലിയ

അഭിമാനമാണ്. 1976-ൽ പത്മഭൂഷൻ അവാർഡടക്കം ദേശീയ ബഹുമതി കൾ നേടിയ അദ്ദേഹം ലോക പ്രശസ്തനായ ഒരു കാർട്ടൂണിസ്റ്റ് ആയിരുന്നു. ശങ്കേഴ്സ് ഇന്റർനാഷണൽ ഡോൾസ് മ്യൂസിയവും ശങ്കേഴ്സ് വീക്കിലിയും അദ്ദേഹത്തിന്റെ വലിയ സംഭാവനകളാണ്. ഈ നാട്ടിൽ അദ്ദേഹത്തിന് ഉചിതമായ ഒരു സ്മാരകം ഉണ്ടായിട്ടില്ല എന്നുള്ളത് വളരെ വലിയ പോരായ്മയാണ്. ശ്രീ. സി.കെ. സദാശിവൻ ചൂണ്ടിക്കാണിച്ചതുപോലെ കായംകുളത്ത് കൃഷ്ണപുരത്തെ സാംസ്കാരിക വിനോദകേന്ദ്രം പണി പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. പണി പൂർത്തിയാകുന്ന മുറയ്ക്ക് കാർട്ടൂണിസ്റ്റ് ശങ്കറിന് ഏറ്റവും ഉചിതമായ ഒരു സ്മാരകം ഉണ്ടാക്കാൻ അദ്ദേഹം നിർദ്ദേശിച്ചതുപോലെ സാധ്യമായ എല്ലാ നടപടികളും സാസ്കാരിക വകുപ്പ് സ്വീകരിക്കുന്നതാണ്. ഇക്കാര്യത്തിൽ കെട്ടിടത്തിന്റെ പണി പൂർത്തിയായിക്കഴിഞ്ഞാൽ എം.എൽ.എ-യുമായും മറ്റും ചർച്ച ചെയ്തുകൊണ്ട് നടപടി സ്വീകരിക്കുന്നതാണ്.

**കടൽഭിത്തികളും പുലിമുട്ടുകളും നിർമ്മിക്കേണ്ടതിന്റെ ആവശ്യകത**

ശ്രീ. ജി. സുധാകരൻ: സർ, അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ വാടക്കൽ മുതൽ ഹരിപ്പാട് മണ്ഡലത്തിന്റെ തെക്ക്-പടിഞ്ഞാറുവശത്തുള്ള ആറാട്ടുപുഴയുടെ തെക്കേയറ്റംവരെ ഗുരുതരമായ കടലാക്രമണ ഭീഷണി നേരിടുകയാണ്. കുളക്കാട് ഗ്രാമപഞ്ചായത്തിലെ നാലര കിലോമീറ്ററോളം ദൂരത്തിൽ കടൽഭിത്തിയില്ല. നേരത്തെ കടൽഭിത്തി ഉണ്ടായിരുന്നതുകൊണ്ട് രണ്ടാമത് കടൽഭിത്തി നിർമ്മിക്കാൻ സാധ്യമല്ലെന്ന നിലപാടാണ് കോസ്റ്റൽ അതോറിറ്റി എടുത്തിരിക്കുന്നത്. ഈ പ്രദേശം സുനാമി പുനരധിവാസ പദ്ധതിയിൽപ്പെടുത്തി 255-ഓളം വീടുകൾ സർക്കാർ നിർമ്മിച്ചിട്ടുണ്ട്. കേന്ദ്രഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച റോഡുകളും വൈദ്യുതി വിതരണ ശൃംഖലകളുമെല്ലാം അവിടെയുണ്ട്. ഇതെല്ലാം അപകട ഭീഷണിയിലാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കടലാക്രമണത്തിൽ നൂറ് മീറ്ററിലേറെ കടൽത്തീരം ഇല്ലാതായി. നൂറോളം തെങ്ങുകളും പല വീടുകളും കടലെടുത്തു. ഈ പ്രദേശത്ത് വരികയും അമ്പലപ്പുഴ മണ്ഡലത്തിലെ തീരപ്രദേശത്ത് 150 മീറ്റർ ഇടവിട്ട് പുലിമുട്ടുകൾ സ്ഥാപിക്കുമെന്ന് പ്രഖ്യാപിക്കുകയും നിയമസഭയിൽ ബഹുമാനപ്പെട്ട മന്ത്രി ഉറപ്പുനല്കുകയും ചെയ്തു. ആ ഉറപ്പ് പാലിക്കാൻ നടപടി ഉണ്ടായിട്ടില്ല. ആവശ്യമായ പണം കേന്ദ്രസർക്കാരിൽ നിന്ന് ലഭ്യമാകുമെന്ന് മനസ്സിലാക്കുന്നു. ആത്മാർത്ഥമായ ശ്രമം തുടർച്ചയായി ഉണ്ടാകുന്നില്ല. പല സബ്മിഷനുകളിലൂടെയും കത്തുകൾ മുഖാന്തിരവും ഇക്കാര്യം ശ്രദ്ധ

യിൽപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് തീരപ്രദേശങ്ങളിലെ എല്ലാ ഗ്യാപ്പുകളും അടിയന്തരമായി അടയ്ക്കണം. കാലവർഷം തുടങ്ങുന്നതിനുമുമ്പ് നടപടികൾ ഉണ്ടാകണം. അടിയന്തരമായി ഈ പ്രശ്നം പരിഹരിച്ചില്ലെങ്കിൽ നാഷണൽ ഹൈവേയിൽ നിന്നും 50 മീറ്റർമാത്രം ദൂരെയുള്ള പുറക്കാട് കടൽമേഖലയിൽ വലിയ ഗതാഗത പ്രശ്നമുണ്ടാകുമെന്ന് അറിയിക്കുകയാണ്. ഉറപ്പ് പാലിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): സർ, അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ വാടയ്ക്കൽ മുതൽ ആറാട്ടുപ്പുഴ തെക്കേയറ്റം വരെയുള്ള തീരപ്രദേശത്ത് കടലക്രമണം നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലുള്ള കടൽഭിത്തികൾ കടലാക്രമത്തെ പ്രതിരോധിക്കാൻ തീരെ അപര്യാപ്തമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ആയതിന് ഒരു പരിഹാരമെന്ന നിലയ്ക്കാണ് പുലിമുട്ടുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുള്ളത്. പുറക്കാട് പഞ്ചായത്തിൽ 150 മീറ്റർ ഇടപെട്ട് പുലിമുട്ടുകൾ നിർമ്മിക്കുന്നത് ഉൾപ്പെടെ 750 കോടി രൂപയുടെ സമഗ്രമായ എസ്റ്റിമേറ്റ് തയ്യാറാക്കി സെൻട്രൽ വാട്ടർ കമ്മീഷന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര ജലവിഭവ വകുപ്പുമന്ത്രിയെ ഞാൻ നേരിൽ കണ്ട് നിവേദനവും നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റിനെക്കുറിച്ച് ചില വിശദീകരണവും ആവശ്യപ്പെട്ടിട്ടുണ്ട്. അമ്പലപ്പുഴ വടക്ക് പഞ്ചായത്തിൽ അടിയന്തരമായി 225 മീറ്റർ കടൽഭിത്തി പുനരുദ്ധാരണത്തിനുവേണ്ടി ഈ മാസം

26-ാം തീയതി ലഘുദർഘാസ് ക്ഷണിച്ചിട്ടുണ്ട്. പതിമൂന്നാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തിയ അമ്പലപ്പുഴ തെക്ക് പഞ്ചായത്തിൽ 300 മീറ്റർ കടൽഭിത്തി കെട്ടുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനം ഉടനെ ആരംഭിക്കുന്നതാണ്. ഫണ്ടും അനുമതിയും ലഭിക്കുന്ന മുറയ്ക്ക് പുലിമുട്ടുകളുടെ നിർമ്മാണം എത്രയും വേഗം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## കളമശ്ശേരി സഹകരണ ആശുപത്രിയിൽ മൂന്ന് രോഗികൾ മരിക്കാനിടയായ സാഹചര്യം

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട ഹൈബി ഈഡനും അൻവർ സാദത്തും ഇതേ വിഷയം സംബന്ധിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട ബെന്നി ബെഹനാന് ഇത് ഉന്നയിക്കാം.

ശ്രീ. ബെന്നി ബെഹനാൻ: സർ, പ്രാണവായു കിട്ടാതെ കൊച്ചി മെഡിക്കൽ കോളേജിൽ ഈ കഴിഞ്ഞ മൂന്നു ദിവസങ്ങളിലായി മൂന്നു മരണമുണ്ടായി. ഈ ദാരുണമായ സംഭവത്തെയാണ് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. പ്രാണവായു ലഭിക്കാതിരിക്കാൻ കാരണം ഓക്സിജൻ കൊടുക്കേണ്ട സിലിണ്ടർ കാലിയായിട്ടും അത് അറിഞ്ഞില്ല എന്നതായിരുന്നു. ഏറ്റവും വലിയ ദയനീയസ്ഥിതിയെന്ന് പറയുന്നത് ഈ മൂന്നു മരണവും മൂന്നു ദിവസങ്ങളായിട്ടാണുണ്ടായത്. ഇതിന്റെ വിവരം അറിയിക്കുന്നതിനുവേണ്ടി നഴ്സുമാർക്ക് ബന്ധപ്പെട്ട ആളുകളെ ഫോണിൽ കിട്ടിയില്ല. അതിൽ ഏറ്റവും വലിയ വിചിത്രമായ ഒന്നാണ് പ്രാണവായു കിട്ടാത്തതുമൂലം രോഗി ഓക്സിജൻ ലഭിക്കുമെന്ന് വിചാരിച്ച് പുറത്തേയ്ക്ക് കടന്നത്. പുറത്തേയ്ക്ക് പോയ രോഗിയെ വീണ്ടും ഐ.സി.യു-വിൽ അഡ്മിറ്റ് ചെയ്യുകയാണുണ്ടായത്. ഇത് വളരെ ഗൗരവമായെടുക്കുകയും പ്രാണവായു കിട്ടാതെ രോഗികൾ മരിച്ചതിന്റെ പേരിൽ കൊലപാതകത്തിന് കേസ്സെടുക്കുകയും വേണം. ഈ ആശുപത്രിയെക്കുറിച്ച് പലപ്പോഴും വളരെ മോശമായ വിവരമാണ് ലഭിച്ചിട്ടുള്ളത്. ഈ സഹകരണ ആശുപത്രി ഗവൺമെന്റ് ഏറ്റെടുക്കണമെന്നും അതിന്റെ

പ്രവർത്തനം മെച്ചപ്പെടുത്തണമെന്നും അപേക്ഷിക്കുന്നു. മരിച്ച ഒരാൾ എന്റെ നിയോജക മണ്ഡലത്തിലും മറ്റൊരാൾ ശ്രീ. അൻവർ സാദത്തിന്റെ നിയോജക മണ്ഡലത്തിലുമാണ്. ഇവരൊക്കെ ഇതിനെക്കുറിച്ച് ശ്രദ്ധയിൽപ്പെടുത്തി. പ്രാണവായു ലഭിക്കാതെ ഇപ്പോഴും ആളുകൾ മരിക്കുന്നുണ്ട്. ഇത്രയും കുറ്റകരമായ അനാസ്ഥ കാണിക്കുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണം. അവർക്ക് നഷ്ടപരിഹാരം കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകണം.

മി. സ്പീക്കർ: ശ്രീ. അൻവർ സാദത്തും ശ്രീ. ഹൈബി ഈഡനും ഇതേ വിഷയം സംബന്ധിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി.എൻ. ബാലകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട ബെന്നി ബെഹനാൻ ഇവിടെ പറഞ്ഞ കാര്യങ്ങളെ സംബന്ധിച്ച് എനിക്ക് ഇന്നത്തെ മലയാള മനോരമയിലെ റിപ്പോർട്ടാണ് വായിക്കാനിടയായത്. അപ്പോൾത്തന്നെ വിശദമായ അന്വേഷണത്തിന് ആളുകളുമായി ബന്ധപ്പെടുകയും അവർ തന്ന.......... റിപ്പോർട്ട് ഞാൻ സഭയുടെ മുമ്പിൽ വയ്ക്കാം. ശ്രീ. ബെന്നി ബെഹനാൻ പറഞ്ഞ ഗുരുതരമായ കാര്യങ്ങളെ സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തി ആവശ്യമായ നടപടി ഗവൺമെന്റ് എടുക്കുമെന്ന് ആദ്യമായി പറയുകയാണ്. എനിക്ക് തന്ന പ്രാഥമിക റിപ്പോർട്ടിൽ പറയുന്നത് കളമശ്ശേരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ 15-07-2012-ലും 17-07-2012-ലും ചികിത്സയിലുണ്ടായി

രുന്ന മൂന്നു രോഗികളുടെ മരണത്തിനുകാരണമായ സംഭവം സംബന്ധിച്ച് വിശദീകരണം നൽകി. 15-07-2012-ൽ ജയേന്ദ്രൻ പകൽ 8.50 ന് മരണമടഞ്ഞു. 11-07-2012-ൽ 12.50 പി.എം.ന് വളരെക്കാലമായി ശ്വാസകോശ സംബന്ധമായ അസുഖം ബാധിച്ച ആളേയും രോഗം മൂർച്ഛിച്ചതിനെ തുടർന്ന് അവിടെ അഡ്മിറ്റ് ചെയ്തിരുന്നു. പ്രസ്തുത രോഗിയുടെ രോഗത്തിന്റെ ഗുരുതരാവസ്ഥ ബന്ധപ്പെട്ട ഡോക്ടർ രോഗികളുടെ ബന്ധുക്കളോട് വിശദമായി പറഞ്ഞു മനസ്സിലാക്കിയിരുന്നു. ആശ്വാസമായ എല്ലാ ചികിത്സയും തക്ക സമയത്ത് രോഗിക്ക് നൽകിക്കൊണ്ടിരുന്നെങ്കിലും രോഗി മരണമടയുകയുണ്ടായി. ശ്രീ. വർഗ്ഗീസ് 58 വയസ്സ്, ദീർഘകാലമായി അനുഭവിച്ചുകൊണ്ടിരുന്ന ക്ഷയരോഗവും തുടർന്നുണ്ടായിരുന്ന ശ്വാസംമുട്ടലും അപസ്മാരവും മൂലം ഏപ്രിൽ ആറാം തീയതി മുതൽ ചികിത്സയിലായിരുന്നു. പ്രസ്തുത രോഗികളുടെ ചികിത്സയെപ്പറ്റി ബന്ധുക്കളെ അറിയിക്കുകയും രോഗിയെ മരണസങ്കൽപ്പ ലിസ്റ്റിൽപ്പെടുത്തുകയും രോഗത്തിന്റെ ഗുരുതരാവസ്ഥ ബന്ധുക്കളെ അറിയിക്കുകയും ചെയ്തിരുന്നു. തുടർന്ന് ചികിത്സാസമയത്ത് രോഗം മൂർച്ഛിക്കുകയും ആവശ്യമായ ചികിത്സ നടത്തിയിട്ടും ജീവൻ രക്ഷിക്കാനായില്ല. 17-07-2012-ൽ 2.20-ന് രോഗി മരിച്ചു. പപ്പു 77 വയസ്സ്, 17-07-2012-ൽ 11.30-ന് എറണാകുളം ജനറലാശുപത്രിയിൽ നിന്ന് അതീവ ഗുരുതരാവസ്ഥയിൽ ക്യാൻസർ ബാധിച്ച് കളമശ്ശേരിയിൽ അഡ്മിറ്റ് ചെയ്ത് ചികിത്സിക്കുകയായിരുന്നു. പെരികാർഡിയൽ രോഗം മൂലമുള്ള രോഗിയുടെ ഗുരുതരാ

വസ്ഥ ബന്ധുക്കളെ പറഞ്ഞുമനസ്സിലാക്കിയിരുന്നു. രോഗത്തിന്റെ ഗുരുതരാവസ്ഥകൊണ്ട് രോഗി മരണപ്പെട്ടു. ഈ മൂന്ന് മരണത്തിലും ആശുപത്രി ജീവനക്കാരുടേയോ ഉദ്യോഗസ്ഥന്മാരുടേയോ യാതൊരു അലംഭാവവുമുണ്ടായിട്ടില്ല. രോഗികളുടെ ബന്ധുക്കളുടെ ഭാഗത്തുനിന്ന് ........... (ബഹളം)............ യെസ്........ യെസ്...........

മി. സ്പീക്കർ: മിനിസ്റ്റർ പറയട്ടെ. യെസ്......... യെസ്...........

ശ്രീ. സി.എൻ. ബാലകൃഷ്ണൻ: സർ, ഇത് എന്റെ റിപ്പോർട്ടല്ല. ബന്ധുക്കളുടെ ഭാഗത്തുനിന്ന് ഒരു പരാതിയും ഇതു സംബന്ധിച്ച് ലഭിച്ചിട്ടില്ല. ആശുപത്രിയിൽ ഓക്സിജൻ സിലിണ്ടർ ഉണ്ടായിരുന്നു. കൂടുതൽ അന്വേഷണം വിശദമായ സംഘത്തെക്കൊണ്ട്...... ഞാൻ ആദ്യം പറഞ്ഞതുപേലെ ഇതേപ്പറ്റി അന്വേഷിക്കുന്നതാണ്. കുറ്റക്കാരായ ആൾക്കാരെ യാതൊരു കാരണവശാലും .......

മി. സ്പീക്കർ: ശ്രീ. റ്റി. എൻ. പ്രതാപൻ.... മന്ത്രിയല്ലെ സംസാരിക്കുന്നത്. നോ..... നോ......... മിനിസ്റ്റർ സംസാരിക്കും.

ശ്രീ. സി.എൻ. ബാലകൃഷ്ണൻ: സർ, അന്വേഷണ റിപ്പോർട്ട് കിട്ടിയതിനുശേഷം, ഗുതുതരമായ മറ്റൊരു നയപരമായ കാര്യം .........(ബഹളം)..............പ്ലീസ്.... പ്ലീസ്........ (ബഹളം)...........

മി. സ്പീക്കർ: ഒരു ദൗർഭാഗ്യകരമായ സംഭവമുണ്ടായി. അത് സഭയിൽ അവതരിപ്പിച്ചു. ബന്ധപ്പെട്ട മന്ത്രി മറുപടി പറയുകയല്ലേ. അങ്ങ് പറയൂ.

ശ്രീ. സി.എൻ. ബാലകൃഷ്ണൻ: സർ, ആ മരണത്തെ സംബന്ധിച്ച് എല്ലാപേർക്കുമുള്ള ദു:ഖം ഞാൻ അറിയിക്കുകയും ചെയ്യുന്നു. ആശുപത്രിയെ സംബന്ധിച്ച് നയപരമായ കാര്യങ്ങൾ മുഖ്യമന്ത്രി പറയുന്നതാണ്. ഞാൻ അത് പറയുന്നത് ശരിയല്ലായെന്ന് എനിക്കറിയാം. ഇതിനെ സംബന്ധിച്ച് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ സമഗ്രമായ അന്വേഷണം നടത്തി അതിനുവേണ്ട നടപടി സ്വീകരിക്കുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, അവിടെയുണ്ടായ നിർഭാഗ്യകരമായ സംഭവത്തെക്കുറിച്ച് മന്ത്രി ഇവിടെ പറഞ്ഞു. കുറ്റക്കാരുടെ പേരിൽ കർശനമായ നടപടിയെടുക്കുമെന്ന് ശ്രീ. സി.എൻ. ബാലകൃഷ്ണൻ പറഞ്ഞു. മറ്റൊരു പ്രശ്നത്തെ സംബന്ധിച്ചിടത്തോളം അത് ഏറ്റെടുക്കുന്നതിനെക്കുറിച്ചുള്ള ആവശ്യം ഇവിടെ എം.എൽ.എ. മാർ പറഞ്ഞിട്ടുണ്ട്. പരിയാരം മെഡിക്കൽ കോളേജും കൊച്ചി സഹകരണ കോളേജും സഹകരണ മേഖലയിലെ രണ്ടു കോളേജുകളാണ്. അത് ഏറ്റെടുക്കണമെന്നുള്ള നിർദ്ദേശം ഗവൺമെന്റിന്റെ ശ്രദ്ധയിൽവന്നിട്ടുണ്ട്. അതിനെക്കുറിച്ച് ഗവൺമെന്റ് ഗൗരവമായി ആലോചിക്കുന്നതാണ്. ഏറ്റവും വേഗം അത് സംബന്ധിച്ചൊരു തീരുമാനമെടുക്കും. മരിച്ചവരുടെ ആശ്രിതർക്ക് സാമ്പത്തിക സഹായം നൽകണമെന്ന ആവശ്യം വന്നിട്ടുണ്ട്. ആ കാര്യത്തിൽ നിശ്ചയമായും അനുഭാവപൂർവ്വമായ നടപടിയായിരിക്കും സ്വീകരിക്കുന്നത്.

ശ്രീ. സി. ദിവാകരൻ: പരിയാരം മെഡിക്കൽ കോളേജ് ഗവൺമെന്റ് ഏറ്റെടുക്കണമെന്ന കാര്യമാണ് അദ്ദേഹം പറഞ്ഞത്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ബഹുമാനപ്പെട്ട മെമ്പർ, വളരെ നിർഭാഗ്യ കരമായ സംഭവമാണുണ്ടായത്. അതിനെക്കുറിച്ച് മന്ത്രി ഇവിടെ മറുപടി പറഞ്ഞു. കുറ്റക്കാരുടെ പേരിൽ കർശനമായ നടപടിയെടുക്കുമെന്ന് പറ ഞ്ഞാണ് മറ്റു കാര്യങ്ങളിലേയ്ക്ക് കടന്നത്. ഞാൻ ഈ മൂന്ന് സെന്റൻസും പറഞ്ഞു. അങ്ങ് കേട്ടില്ലെങ്കിൽ ഞാൻ വീണ്ടും ആവർത്തിച്ചിരിക്കുന്നു. ഇതുപോലുള്ള സംഭവങ്ങൾ......... ആ വാർത്തകൾ നമ്മുടെ നാടിനെ ഞെട്ടിപ്പിച്ചുകൊണ്ടുള്ള വാർത്തയാണ്. അത് ശരിയാണെങ്കിൽ കുറ്റ ക്കാരുടെ പേരിൽ കർശനമായ നടപടിയെടുത്തേ മതിയാകൂ. അതിൽ യാതൊരു സംശയവുമില്ല.

## കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സ്

ശ്രീ. പി.സി. വിഷ്ണു നാഥ്: സർ, എന്റെ നിയോജക മണ്ഡലമായ ചെങ്ങന്നൂർ ശബരിമലയുടെ പ്രധാന ഇടത്താവളമാണ്. കർണ്ണാടക, ആന്ധ്രാപ്രദേശ് എന്നിവിടങ്ങളിൽ നിന്നെല്ലാം എത്തുന്ന ലക്ഷക്കണക്കിന് വരുന്ന ഭക്തജനങ്ങൾ തീർത്ഥാടന കാലത്തും എല്ലാമാസവും ആദ്യത്തെ പത്തു ദിവസവും റയിൽവേ സ്റ്റേഷനിൽ ഇറങ്ങിക്കഴിഞ്ഞാൽ കെ.എസ്.ആർ.ടി.സി.-യിൽ നിന്നും സർവ്വീസ് ഓപ്പറേറ്റ് ചെയ്തിട്ടാണ് ശബരിമലയിലേയ്ക്ക് പോകുന്നത്. കെ.എസ്.ആർ.ടി.സി.-ക്ക് ഒരു തീർത്ഥാടന കാലത്ത് മൂന്നും നാലും കോടി രൂപയൊക്കെ വരുമാനം നേടിക്കൊടുക്കുന്ന, കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു കെ.എസ്. ആർ.ടി.സി. ഡിപ്പോയാണ് ചെങ്ങന്നൂർ ഡിപ്പോ. അവിടെ ഒരു ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കണമെന്നുള്ളത് ദീർഘകാലത്തെ ആവശ്യമാണ്. അങ്കമാലിയിലും തിരുവല്ലായിലും ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ച സമയത്ത് ആദ്യം ഷോർട്ട് ലിസ്റ്റ് ചെയ്ത ഡിപ്പോയിൽ ഒന്നായിരുന്നു ചെങ്ങന്നൂർ ഡിപ്പോ. അന്നത്തെ ചില രാഷ്ട്രീയ കാരണങ്ങൾ കൊണ്ട് ചെങ്ങന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയെ തഴയുകയാണുണ്ടായത്. അത്തരത്തിൽ മുമ്പ് തഴഞ്ഞത് സഹിക്കാൻ ഞങ്ങൾ തയ്യാറാണ്. അതുകൊണ്ട് ചെങ്ങന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ഷോപ്പിംഗ് കോംപ്ലക്സ് അനുവദിക്കാൻ വേണ്ടി അങ്ങ് നടപടി സ്വീകരിക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച കാര്യം നേരത്തെതന്നെ ആവശ്യപ്പെട്ടിരുന്നു. മുൻഗവൺമെന്റിന്റെ കാലത്തുള്ള പദ്ധതിയിൽ ഇതും ഉൾപ്പെട്ടിരുന്നു. പക്ഷേ അവിടെ 1.71 ഏക്കർ സ്ഥലം മാത്രമേയുള്ളൂ. സ്ഥലപരിമിതിയും കെ.എസ്.ആർ.ടി.സി-യുടെ സാമ്പത്തിക പരാധീനതയും കണക്കിലെടുത്ത് അന്നത് മാറ്റിവച്ചിരുന്നു. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത് വളരെ ശരിയാണ്. ശബരിമല സീസണിൽ വളരെയധികം യാത്രക്കാർ വരുന്ന ഒരു ബസ് സ്റ്റാൻഡാണിത്. സ്ഥലപരിമിതിയുണ്ടെങ്കിലും ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കാൻ സാധിക്കുമോയെന്ന് ഒരിക്കൽകൂടി പരിശോധിക്കാം എന്നുമാത്രമാണ് പറയാനുള്ളത്. ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്ന പല സ്റ്റാൻഡുകളിലും ഇന്ന് നിലവിലുള്ള ബസുകൾപോലും നിർത്താൻ കഴിയാത്ത സാഹചര്യമാണ്. കോഴിക്കോട് 90 ബസ് നിർത്തുന്ന സ്ഥാനത്ത് ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം കഴിഞ്ഞാൽ കേവലം 40 ബസ് മാത്രമേ നിർത്താൻ സാധിക്കുകയുള്ളൂ. ഷോപ്പിംഗ് കോംപ്ലക്സ് ആവശ്യമാണ് എന്നാൽ ബസ് നിർത്താനുള്ള സൗകര്യവും ഗ്യാരേജും യാത്രക്കാർക്കുള്ള സൗകര്യങ്ങളുമാണ് പ്രധാനം. അതുകൂടി പരിഗണിച്ചുകൊണ്ടായിരിക്കും ഈ ഗവൺമെന്റ് ഇത്തരത്തിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നത്.

(ക്രമപ്രശ്നം)

* * * * * * * * * * * * * * *